LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം

83 (775) ശ്രീ. ബി സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ട്രോമാകെയർ സംവിധാനം ഈ ആശുപത്രിയിൽ എന്നത്തേയ്ക്ക് സജ്ജമാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായി എത്രയുക ചെലവഴിക്കേണ്ടി വരുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 6-1-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4065/13/ആ.കു.വ. പ്രകാരം ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി 35.51 ലക്ഷം രൂപയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ആരോഗ്യവകുപ്പ് ഡയറക്ടർ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുമ്പോഴേ ഇതിന്റെ സാമ്പത്തിക ബാധ്യതയെക്കുറിച്ചും എപ്പോൾ പ്രവർത്തനക്ഷമമാകും എന്ന കാര്യവും വ്യക്തമാക്കാനാവൂ.

ഡയാലിസിസിന് വിധേയമായിക്കൊണ്ടിരുന്ന സഹദേവന്റെ മരണം

84 (776) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്ന, ചാങ്ങമംഗലം-വെള്ളനൂർ ദേശത്ത് വമ്പൻകഴി വീട്ടിൽ സഹദേവൻ എന്നയാളെ, നെഫ്രോളജി വിഭാഗത്തിലെ ഡോക്ടറുടെ അനുമതിയില്ലാതെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്ന് 22-1-2015-ന് ഡിസ്ചാർജ് ചെയ്യുകയും തുടർന്ന് രോഗം മൂർച്ചിച്ച് മരണപ്പെടുകയും ചെയ്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പരാതിയിലെ വിഷയത്തിന്മേൽ അന്വേഷണം നടത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് മെഡിക്കൽ കോളേജ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.